"CORRUPTION, A CRIME AGAINST NATION"

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 04.03.2024

# കൈക്കൂലി വാങ്ങവേ ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടർ വിജിലൻസ് പിടിയിൽ

കോട്ടയം ജില്ലയിലെ കോട്ടയം ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിലെ ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടറായ സുമേഷ്. എസ്. എൽ 7,000/- രൂപ കൈക്കൂലി വാങ്ങുന്നതിനിടയിൽ ഇന്ന് (04/03/2024) വിജിലൻസിന്റെ പിടിയിലായി.

കോട്ടയം ജില്ലയിലെ ഒരു സ്വകാര്യ എയ്ഡഡ് സ്കൂളിൽ സ്ഥാപിച്ചിട്ടുള്ള ലിഫ്റ്റിന്റെ വാർഷിക പരിശോധനക്കായി കോട്ടയം ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിലെ ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടറായ സുമേഷ്. എസ്. എൽ ഇക്കഴിഞ്ഞ ശനിയാഴ്ച ഉച്ചക്ക് 12:00 മണിയോടെ സ്കൂളിലെത്തുകയും പരിശോധനക്ക് ശേഷം 10,000/- രൂപ കൈക്കൂലി സ്കൂൾ മാനേജരോട് ആവശ്യപ്പെടുകയും ചെയ്തു, സ്കൂൾ അധികാരികളോട് ചോദിക്കാതെ നൽകാൻ സാധിക്കില്ലായെന്നറിയിച്ചപ്പോൾ ഫോൺ ചെയ്ത് വിവരം അറിയിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. തുടർന്ന് ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടറായ സുമേഷിനെ ഫോണിൽ വിളിച്ചപ്പോൾ അന്നേ ദിവസം വൈകുന്നേരം കോട്ടയം റെയിൽവേ സ്റ്റേഷന് സമീപം വച്ച് കൈക്കൂലി നൽകണമെന്ന് പറയുകയും, പരാതിക്കാരൻ അസൌകര്യമുണ്ടെന്ന് പറഞ്ഞപ്പോൾ തിങ്കളാഴ്ച ഇന്ന് (04/03/2024) പാലാ ഭാഗത്തുള്ള പോളി ടെക്നിക്കിൽ പരിശോധനക്കായി വരുമ്പോൾ 7,000/- രൂപ കൈക്കൂലി നൽകണമെന്ന് അറിയിക്കുകയും ചെയ്തു, തുടർന്ന് പരാതിക്കാരൻ ഈ വിവരം വിജിലൻസ് കിഴക്കൻ മേഖല പോലീസ് സൂപ്രണ്ട് ശ്രീ. വി.ജി.വിനോദ് കുമാറിനെ അറിയിക്കുകയും, അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം കോട്ടയം വിജിലൻസ് യൂണിറ്റ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ. വി.ആർ. രവി കുമാറിന്റെ നേതൃത്വത്തിലുള്ള വിജിലൻസ് സംഘം കെണിയൊരുക്കി, ഇന്ന്

(04/03/2024) ഉച്ചക്ക് 12:30 മണിയോടെ പാലാ പോലീസ് സ്റ്റേഷന് സമീപം വച്ച് ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടർ സുമേഷ് പരാതിക്കാരനിൽ നിന്നും 7,000/-രൂപ കൈക്കൂലി വാങ്ങവെ വിജിലൻസ് സംഘം കൈയോടെ പിടികൂടുകയാണുണ്ടായത്.

അറസ്റ്റ് ചെയ്ത പ്രതിയെ കോട്ടയം വിജിലൻസ് കോടതിയിൽ ഹാജരാക്കും.

വിജിലൻസ് സംഘത്തിൽ ഡി.വൈ.എസ്.പി യെ കൂടാതെ ഇൻസ്പെക്ടർമാരായ ശ്രീ. മഹേഷ് പിള്ള. ബി, ശ്രീ. സുനു മോൻ, ശ്രീ. രമേഷ്. ജി സബ് ഇൻസ്പെക്ടർമാരായ സ്റ്റാൻലി ജോൺ, ജയ് മോൻ, പ്രദീപ് കുമാർ, പ്രസാദ് അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർമാരായ രജീഷ്, രാജീവ്, അനിൽ കുമാർ സീനിയർ സിവിൽ പോലീസ് ഓഫിസർമാരായ രാജേഷ്, മനോജ് കുമാർ, സുരേഷ് കുമാർ തുടങ്ങിയവരും ഉണ്ടായിരുന്നു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. ടി.കെ.വിനോദ് കുമാർ ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.